ഭരണഭാഷ – മാതൃഭാഷ

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
തദ്ദേശ സ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ലക്സ്, മൂന്നാം നില
പബ്ളിക് ആഫീസ് ബിൽഡിംഗ്
തിരുവനന്തപുരം – 33

Phone : 0471 – 2324951
0471 – 2325071
Tele FAX : 0471 – 2324951
e-mail : celsgd@gmail.com
website : www.celsgd.kerala.gov.in

നം. ഡിബി5-12102/2017/സിഇ/തസ്വഭവ

തീയതി 16/11/2019

# സർക്കുലർ

വിഷയം : ഹരിതകേരളം മിഷൻ – പുഴ പുനരുജ്ജീവനം പ്രവർത്തനത്തിന്റെ ഭാഗമായി പുഴകൾ തെരഞ്ഞെടുക്കുന്നത് – വിവരങ്ങൾ സമർപ്പിക്കുന്നത് – സംബന്ധിച്ച്

സൂചന : ഈ കാര്യാലയത്തിലെ 30.10.2019-ലെ ഇതേ നമ്പർ സർക്കുലർ

ഗ്രാമപഞ്ചായത്തിൽ നിന്നും, കോർപ്പറേഷൻ, മുനിസിപ്പാലിറ്റി എന്നിവിടങ്ങളിൽ നിന്നും കേരളത്തിലെ പ്രധാന നദികളുടെ പേരുകളാണ് സൂചന സർക്കുലർ പ്രകാരം ആവശ്യപ്പെട്ടിരുന്നതിന്റെ അടിസ്ഥാനത്തിൽ ഈ ഓഫീസിൽ സമർപ്പിച്ചിരിക്കുന്നത്. 44 പ്രധാന നദികളും അതിന്റെ നീർച്ചാലും ഒഴിവാക്കി, പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നീ പ്രദേശങ്ങളിലൂടെ ഒഴുകുന്നതുമായ ചെറിയ നീർച്ചാലുകളാണ് തെരഞ്ഞെടുക്കേണ്ടത്. ടി നീർച്ചാലുകൾ തെരഞ്ഞെടുക്കുന്നതിന് അതാത് സ്ഥലത്തെ ഇറിഗേഷൻ വകുപ്പിലെ അസിസ്റ്റന്റ് എഞ്ചിനീയർ 18 മുതൽ 20 വരെയുള്ള തീയതികളിൽ പഞ്ചായത്ത് / മുനിസിപ്പാലിറ്റി / കോർപ്പറേഷൻ എഞ്ചിനീയർമാരെ നേരിൽക്കണ്ട് തെരഞ്ഞെടുക്കുന്നതിന് സഹായിക്കുന്നതാണ്. ഇതിനായി ആവശ്യമായ നിർദ്ദേശങ്ങൾ ഇറിഗേഷൻ വകുപ്പിന് നൽകിയിട്ടുണ്ട്. ഇങ്ങനെ തെരഞ്ഞെടുക്കപ്പെട്ട നീർച്ചാലുകളുടെ വിവരങ്ങൾ Proforma P-1058-ൽ **23.11.2019-ാം** തീയതിയ്ക്കുള്ളിൽ സമർപ്പിക്കേണ്ടതാണ്.

ഒപ്പ്/-
**ചീഫ് എഞ്ചിനീയർ**

P 1199